**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3168** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ടൂറിസം മേഖലയിൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാരികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിനോദാനുഭവങ്ങൾ ഉറപ്പാക്കുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ബൃഹത്തായ വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് സ്വകാര്യ മേഖലയുടെ പ്രാധാന്യം തിരിച്ചറിയുകയും പരമാവധി ഉപയോഗപ്പെടുത്തിവരികയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. ഇതിനു തുടർച്ചയായി വിനോദസഞ്ചാരവകുപ്പിന്റെ കീഴിലുള്ള ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 23 പദ്ധതികൾ 2023 ൽ വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിച്ച ടൂറിസം നിക്ഷേപക സംഗമത്തിൽ (TIM) അവതരിപ്പിക്കപ്പെടുകയുണ്ടായി. ഇവയ്ക്കായി സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചു വരികയാണ്. ഇതു കൂടാതെ സംസ്ഥാനത്ത് ഹെലിടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ തയ്യാറാക്കിയിട്ടുള്ള ഹെലിടൂറിസം പോളിസി പ്രകാരം സ്വകാര്യ സേവനദാതാക്കളുമായി ചേർന്ന് വിവിധ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസുകൾ ആരംഭിക്കുന്നതായിരിക്കും. ഒരു ഫെസിലിറ്റേറ്ററുടെ ഭാഗമായിരിക്കും ഇതിൽ സർക്കാർ നിർവ്വഹിക്കുന്നത്. മാത്രമല്ല നിലവിൽ വിനോദസഞ്ചാര വകുപ്പ് പൂർത്തിയാക്കിയിട്ടുള്ള ടൂറിസം പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനും സ്വകാര്യമേഖലയുടെ സേവനം നിലവിൽ സ്വീകരിച്ചു വരുന്നുമുണ്ട്.<br><br>ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാരും സ്വകാര്യ മേഖലയും ഒരുമിച്ച് പ്രവർത്തിക്കുക എന്ന സമീപനം ആണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ